# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – * 155 14.08.2017- ൽ മറുപടിയ്ക്ക്

**പ്രവാസിമലയാളികളുടെ ക്ഷേമത്തിനായി ലോക കേരളസഭ എന്ന കൂട്ടായ്മ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം<br>ശ്രീ. പി. വി. അൻവർ<br>ശ്രീ. വി.കെ.സി.മമ്മത് കോയ<br>ശ്രീ. എം. നൗഷാദ് | | ശ്രീ. പിണറായി വിജയൻ<br>*(മുഖ്യമന്ത്രി)* |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1. മാർക്കറ്റ് ഇന്റലിജൻസ്, റിക്രൂട്ട്മെന്റിന് മുമ്പും പിമ്പും നല്കുന്ന സേവനങ്ങൾ, ഉന്നത സാങ്കേതിക മേഖലകളിൽ തൊഴിൽ വൈദഗ്ധ്യ പരിശീലനം<br>2. ലോക കേരള സഭ<br>3. ആഗോള സാംസ്കാരികോത്സവം<br>4. പ്രവാസികളുടെ ഡാറ്റാബേസ് തയ്യാറാക്കലും അതുപയോഗിച്ച് ക്ഷേമ പദ്ധതികൾ രൂപീകരിക്കുന്നതും<br>5. നോർക്ക എമർജൻസി കെയർ |
| ബി) | പ്രവാസി മലയാളികളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ലോക കേരളസഭ എന്ന കൂട്ടായ്മ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം നല്കാമോ ; | ബി) | ഉദ്ദേശിക്കുന്നുണ്ട്.<br><br>02.08.2017 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 498/2017/നോർക്ക പ്രകാരം ലോക കേരള സഭ നടത്തുന്നതിന് 2017-18 സാമ്പത്തിക വർഷത്തിലെ ഭരണാനുമതി നല്കി ഉത്തരവായിട്ടുണ്ട്. |

(മറുപുറം)

| | | | |
|---|---|---|---|
| സി) | ആരെയെല്ലാമാണ് ലോക കേരള സഭയിൽ പ്രതിനിധികളായി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത് ; പ്രസ്തുത സഭയുടെ യോഗം ചേരുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടോ ; | സി) | കേരള നിയമസഭാ സാമാജികർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പ്രവാസി മലയാളികളുടെ പ്രതിനിധികൾ എന്നിവരെയാണ് പ്രതിനിധികളായി ഉൾപ്പെടുത്തുന്നത്. പ്രസ്തുത സഭയുടെ യോഗം ചേരുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ നടത്തിവരുന്നു. |
| ഡി) | ഏതെല്ലാം രാജ്യങ്ങളിലെയും സംസ്ഥാനങ്ങളിലെയും പ്രതിനിധികൾക്ക് ലോക കേരള സഭയിൽ പ്രാതിനിധ്യം നല്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ? | ഡി) | തീരുമാനമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**